**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3601** **08-10-2025 - ൽ മറുപടിയ്ക്ക്**

**വഴിക്കടവ് വില്ലേജിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആര്യാടൻ ഷൗക്കത്ത്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ സർവേയുമായി ബന്ധപ്പെട്ട് നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ് വില്ലേജിൽ പതിറ്റാണ്ടുകളായി കരമടച്ച വരുന്നവരുടെ വീടും ഭൂമിയും വനഭൂമിയായി കണക്കാക്കി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർവെ അതിരടയാള നിയമം 1961 നിഷ്കർഷിക്കുന്ന രീതിയിൽ സ്വകാര്യ ഭൂമികൾ നിലവിലെ കൈവശാതിർത്തി പ്രകാരവും സർക്കാർ ഭൂമികൾ നിലവിൽ ലഭ്യമായ സർവെ സ്കെച്ചുകൾ പ്രകാരവും പുനർനിർണ്ണയം നടത്തിയാണ് ഡിജിറ്റൽ സർവെ നടന്നുകൊണ്ടിരിക്കുന്നത്. |
| (ബി) | ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | വഴിക്കടവ് വില്ലേജിൽ 17 ശതമാനം ഫീൽഡ് ജോലികൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ. തുടർ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വനഭൂമിയുമായി ബന്ധപ്പെട്ട ഭൂമികളിൽ സർവെ പൂർത്തീകരിച്ച ശേഷം വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ